# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2508** — **19/3/2015** -ൽ മറുപടിക്ക്

## കേരള വാട്ടർ അതോറിറ്റി തസ്തികകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ.എസ്.ബിജിമോൾ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസുകളുടെയും പ്ലാന്റുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സഹായകരമായ മെക്കാനിക്കൽ സൂപ്രണ്ട് തസ്തികകൾ എല്ലാ മെയിന്റനൻസ് ഡിവിഷനുകളിലും അനുവദിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ 6 മെക്കാനിക്കൽ സൂപ്രണ്ട് തസ്തികകൾ അനുവദിച്ചിട്ടുണ്ട്. പുതിയ തസ്തികകൾ അനുവദിക്കുന്നതിനുള്ള ശുപാർശകളൊന്നും പരിഗണനയിലില്ല. |
| (ബി) കേരള വാട്ടർ അതോറിറ്റിക്ക് യാതൊരു സാമ്പത്തിക ബാധ്യതയും ഇല്ലാതെ തന്നെ പ്രസ്തുത തസ്തികകൾ ഓപ്പറേറ്റർ, ഹെഡ് ഓപ്പറേറ്റർ തസ്തികകൾ അപ്ഗ്രേഡ് ചെയ്തു സൃഷ്ടിക്കാമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഓപ്പറേറ്റർ, ഹെഡ് ഓപ്പറേറ്റർ തസ്തികകൾ മെക്കാനിക്കൽ സൂപ്രണ്ട് തസ്തികയായി അപ്ഗ്രേഡ് ചെയ്താൽ വാട്ടർ അതോറിറ്റിക്ക് സാമ്പത്തിക ബാധ്യത ഉണ്ടാകും. കൂടാതെ ജോലി സ്വഭാവം വ്യത്യാസമായതിനാൽ തസ്തിക അപ്ഗ്രേഡ് ചെയ്യുവാൻ വ്യവസ്ഥയില്ല. |
| (സി) കേരള വാട്ടർ അതോറിറ്റിയിലെ 44 ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-I ജീവനക്കാർക്ക് അസിസ്റ്റന്റ് എഞ്ചിനീയർമാരായി പ്രമോഷൻ നൽകിയതുപോലെ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-I, ഓവർസീയർ ഗ്രേഡ്-II, ഓവർസീയർ ഗ്രേഡ്-III എന്നീ തസ്തികയിൽ ഉള്ളവർക്കും പ്രമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) കേരള വാട്ടർ അതോറിറ്റിയിലെ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-I, ഓവർസീയർ ഗ്രേഡ്-II, ഓവർസീയർ ഗ്രേഡ്-III എന്നീ തസ്തികകളിൽ ഉള്ളവർക്ക് പ്രമോഷൻ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരവെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 09/3/2015-ലെ IA No. 23364/2015 in WP(C) No. 17123/2012(M)-മേലുള്ള ഉത്തരവ് പ്രകാരം ടി തസ്തികകളിൽ നിന്നുള്ള പ്രമോഷൻ രണ്ടാഴ്ചത്തേക്ക് തടയുകയുണ്ടായി. ടി വ്യവഹാരം തീർപ്പാക്കുന്ന മുറയ്ക്ക് മാത്രമേ പ്രമോഷൻ പ്രക്രിയ തുടങ്ങാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ